**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 648** | **28-01-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ കോമൺ ഫെസിലിറ്റി സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ഈറ ഉല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനും വൈവിദ്ധ്യവത്കരണത്തിനുമായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന മുള/ഈറ ഉല്പന്നങ്ങൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. പ്രസ്തുത പരിശീലന സെന്ററിനായുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ നേതൃത്വത്തിൽ കെട്ടിടനിർമാണം 95% പൂർത്തിയായി കഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതി എങ്ങനെ, എന്ന് പൂർത്തീകരിക്കാനാകും എന്നും ആയതിന്റെ നടത്തിപ്പും തുടർനടപടികളും എങ്ങനെ സാധ്യമാക്കാനാകും എന്നും വിശദമാക്കാമോ? | (ബി) | കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 100 ലക്ഷം രൂപ അനുവദിക്കുകയും ആയത് നിർമ്മാണപ്രവർത്തനങ്ങൾക്കായി ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 100 ലക്ഷം രൂപ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പരിശീലന കേന്ദ്രം പൂർണ്ണമായും പ്രവർത്തന സജ്ജമായതിനു ശേഷം കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ മാറനല്ലൂർ പഞ്ചായത്തിന് ഇതിന്റെ നടത്തിപ്പും തുടർ നടപടികളും സാധ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ